# ADDRESS OF HAZRAT KHALFATHULLA MUNIR AHAMAD AZIM (ATBA) ON MUBAHILA AGAINST ABDUL GHAFFAR JANBAH SB, MANSOOR AHMAD SB & JAMAAT AHMADIYYA ISLAH PASAND

**(20 FEBRUARY 2014 / 19 RABI'UL AAKHIR 1435 AH)**

**ജമാ അത്ത് അഹ്മദിയ്യാ ഇസ്‌ലാഹ് പസന്ത് പാർട്ടി നേതാവായ അബ്ദുൾ ഗഫ്ഫാർ ജൻബാഹ് സാഹിബും, സഹായി മൻസൂർ അഹ്മദ് സാഹിബും, ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം ഇന്റർ നാഷണൽ ലീഡർ ഹസ്രത്, ഖലീഫത്തുല്ലാഹ് മുനീർ അഹ്മദ് അസീമും അദ്ദേഹത്തിന്റെ അനുയായി ഹസ്രത് മുകർറം ഫസിൽ ജമാൽ സാഹിബും 20.02.2012ൽ ഒപ്പുവെച്ച് പ്രാബല്യത്തിൽ വന്ന മുബാഹലയുടെ കാലാവധി അവസാനിച്ചതിനെതുടർന്ന്, 20.02.2014 ൽ ഹസ്രത് ഖലീഫത്തുല്ലാഹ്, മുഹിയിദ്ദീൻ മുനീർ അഹ്മദ്അസിം അയ്യദഹുല്ലാഹു തആല ബി നസ്‌രിഹിൽ അസീസ് ലോകമനസാക്ഷിയുടെ മുമ്പിൽ സമർപ്പിച്ച പ്രൗഢ പ്രഭാഷണം.**

20 FEBRUARY 2014 (19 RAB'IUL AAKHIR 1435 AH )

തശഹ്ഹുദ്, തഅവ്വദ്, സൂറഅൽഫാത്തിഹ ഒതിയ ശേഷം, എല്ലാവർക്കും അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു പറഞ്ഞ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

## മുബാഹല ആരുമായിട്ടായിരുന്നു

അബ്ദുൾഗഫ്ഫാർ സാഹിബും അദ്ദേഹത്തിന്റെ ജമാഅത്തായ ജമാഅത്ത് അഹ്മദിയ്യാ ഇസ്‌ലാഹ് പസന്തുമായി മുബാഹല പ്രാർത്ഥന ആരംഭിച്ചിട്ട് രണ്ട് വർഷം പിന്നിടുകയാണ്.

## മുബാഹലയ്ക്ക് കാരണമെന്ത് ?

മുബാഹലയ്ക്കുകാരണം, വാഗ്ദത്തമസീഹ് ആയ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ പുത്രനായ ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ പിതാവ് പ്രവചനം ചെയ്ത മുസ്‌ലിഹ് മൗഊദ് അല്ല എന്ന തെറ്റായ വാദം ഉന്നയിച്ചതുകൊണ്ടാണ്. യഅ്ഖൂബ് നബി (അ) യുടെ കുടുംബത്തിൽ നിന്നും ജീവശാസ്ത്രപരമായ ഒരു അനന്തരാവകാശിയെ നല്കണമെന്ന് സക്കരിയ്യാ നബി (അ) ആഗ്രഹിച്ചതുപോലെ (ആ അനന്തരാവകാശം പ്രവാചകത്വം ആയിരുന്നു.) പ്രാർത്ഥിച്ചതുപോലെ, മസീഹിന്റെ പ്രാർത്ഥന അല്ലാഹു (ത) കേൾക്കുകയും, ഹോഷിയാർപൂരിൽ ഏകാന്തവാസം അനുഷ്ഠിക്കുവാൻ മാർഗ്ഗനിർദ്ദേശം നല്കുകയും, ഈ നിലയിൽ പ്രാർത്ഥനതുടരുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഒരു ദൈവീക ദൃഷ്ടാന്തമെന്ന നിലയിൽ, ഒരസാധാരണ പുത്രനെ, ലഭിക്കുന്നതിനായി സർവ്വശക്തനായ അല്ലാഹുവിനോട് യാചിക്കുകയുണ്ടായി. മരണപ്പെട്ടവരെ ജീവിപ്പിക്കുന്നതിനേക്കാൾ അത്ഭുതാവഹമായിരിക്കുവാനും അദ്ദേഹം അപേക്ഷിക്കുകയുണ്ടായി. വാഗ്ദത്തമസീഹിന് തികച്ചും ഉറപ്പുണ്ടായിരുന്ന ഒരു കാര്യം, ഈ പുത്രൻ തനിക്ക് ജനിക്കുന്ന മക്കളിൽ ഒരാളായിരിക്കുമെന്നും, ആ പുത്രൻ തന്റെ ഭൗതികവും ആത്മീയവുമായ പാരമ്പര്യത്തെ സമന്വയിപ്പിക്കുമെന്നും ആയിരുന്നു. ഒരു പുത്രന്റെ ജനനത്തെക്കുറിച്ചുള്ള വെളിപാട് അല്ലാഹുവിൽ നിന്ന് ലഭിച്ചശേഷം അദ്ദേഹം ഈ വാർത്തയിൽ സന്തോഷവാനായി തീരുകയും, തന്റെ വാഗ്ദത്ത പുത്രൻ മുസ്‌ലിഹ് മൗഊദ് (വാഗ്ദത്ത പരിഷ്ക്കർത്താവ്) ആയിരിക്കുമെന്നും പറയുകയുണ്ടായി.

## മുഹമ്മദ് (സ) ന്റെ ഉമ്മത്തിലും പ്രാർത്ഥനാഫലമായി സന്താനങ്ങൾ ലഭ്യമാകുമെന്ന് സ്ഥാപിക്കുക.

ഹസ്രത് മുഹമ്മദ് (സ) ന്റെ ഉമ്മത്തിലും ഇത്തരത്തിലുള്ള ദൈവീകാനുഗ്രഹം ഉണ്ടാകുമെന്ന് ഹസ്രത് മസീഹ് മൗഊദ് (അ) നു ഉറച്ചവിശ്വാസം ഉണ്ടായിരുന്നു. മുഹമ്മദ് (സ) ന്റെ സമുദായത്തിൽ ഒരു പ്രവാചകന്, പ്രാർത്ഥനാ ഫലമായി സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് ഒരു പുത്രനെ ലഭിക്കുകയും, ആ പുത്രൻ അത്യുജ്ജ്വലമായ, ഇസ്‌ലാമിക പൈതൃകം കാത്തുസൂക്ഷിക്കുകയും ചെയ്യുക എന്നത് സംഭവ്യമായ കാര്യമാണ് എന്ന് ലോകത്തെ ബോധ്യപ്പെടുത്തുക കൂടിയാണ് ഇതിലൂടെ പൂർത്തിയാക്കപ്പെട്ടത്.

അല്ലാഹുവിന്റെ എല്ലാ പ്രവാചകന്മാർക്കും ആത്മീയ സുതന്മാരെ ലഭിക്കുന്നുണ്ട്. ഇത് നിഷേധിക്കുവാൻ കഴിയാത്ത സത്യമാണ്. കാരണം ഈ ആത്മീയ സുതന്മാർ നാളെയുടെ വാഗ്ദാനങ്ങളാണ്. എപ്പോഴെല്ലാം ദൈവവിശ്വാസത്തിനും ദൈവത്തിന്റെ യഥാർത്ഥ അധ്യാപനത്തിനും കോട്ടം സംഭവിക്കുന്നുവോ അപ്പോഴെല്ലാം ഈ ആത്മീയ സുതന്മാർ വഫാത്തായ പ്രവാചകന്റെ അനുയായികളിൽ നിന്ന് പ്രത്യക്ഷപ്പെടുകയും, അവർ ജനങ്ങളെ ഒരിക്കൽകൂടി യഥാർത്ഥ ദൈവവിശ്വാസത്തിലേക്കും ദൈവത്തിന്റെ ഏകത്വത്തിലേക്കും വഴിനടത്തുന്നതുമാണ്. എല്ലാ പ്രവാചകന്മാർക്കും, കാലാരംഭം മുതൽ ഇത്തരത്തിലുള്ള ആത്മീയ പുത്രന്മാരെ ലഭിച്ചിട്ടുണ്ട്. കാരണം ഈ ആത്മീയ പുത്രന്മാരും, ആത്മാർത്ഥ അനുയായികളും  ഇല്ലാതെ, അല്ലാഹുവിലുള്ള വിശ്വാസം എങ്ങനെയാണ് സംരക്ഷിക്കപ്പെടുക ? അല്ലാഹുവിന്റെ ദൂതന്മാരിലുള്ള വിശ്വാസം എങ്ങനെയാണ് സംരക്ഷിക്കപ്പെടുക ? വിശ്വാസപ്രമാണങ്ങളെ എങ്ങനെ സംരക്ഷിക്കുവാൻ സാധിക്കും.?

**മുഹമ്മദ് (സ) മാലയിലെ ചുട്ടി പോലെയാണ്**

മുമ്പ് ഞാനെന്റെ പ്രഭാഷണങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ഏകദൈവത്തിൽ വിശ്വസിക്കുന്ന ഓരോ യഥാർത്ഥ വിശ്വാസിയുടെയും, അടിസ്ഥാന വിശ്വാസപ്രമാണത്തിൽപ്പെട്ടതാണ് എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക എന്നത്. പ്രത്യേകിച്ച് മുസ്‌ലിം എന്ന് സ്വയം പറയുന്നവർ. പ്രവാചകന്മാർ ഒരു മാല പോലെയാണ്. നടുക്കൊരു ചുട്ടിയും. ആചുട്ടി മാലയുടെ സൗന്ദര്യത്തെ വർധിപ്പിക്കുന്നു. ആ സൗന്ദര്യം വർധിപ്പിക്കുന്ന ചുട്ടി തീർച്ചയായും പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് (സ) തന്നെയാണ്.

**എപ്പോഴാണ് ഇസ്‌ലാമിക പരിഷ്ക്കർത്താവിനെ നിയമിക്കുന്നത്.**

ഇസ്രായേലീ പ്രവാചകന്മാർക്ക് അല്ലാഹുവിൽ നിന്ന് ഭൗതിക നിലയിലും ആത്മീയ നിലയിലും ദുആകളിലൂടെ പുത്രന്മാരെ ലഭിച്ചിട്ടുണ്ടെങ്കിൽ മുഹമ്മദ് നബി (സ) യുടെ ഉമ്മത്തിന് അപ്രകാരം ലഭ്യമല്ലെന്നോ? ലോകം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹത്വപൂർണ്ണമായ സമുദായം മുഹമ്മദ് (സ) ന്റെ സമുദായം തന്നെയാണ്. അല്ലാഹു (ത) ഈ സമുദായത്തെ കൈവിടില്ല എന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതുമാണ്. എപ്പോഴെക്കെ മതവിശ്വാസത്തെ ചവിട്ടിമെതിക്കുമോ അപ്പോഴൊക്കെ അല്ലാഹു ഇസ്‌ലാമിക പരിഷ്ക്കർത്താക്കളെ നിയോഗിച്ച് ഇസ്‌ലാമിക കുടുംബത്തെ സംരക്ഷിക്കുന്നതാണ്.

**പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നു**

വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (സ) ന്റെ പ്രാർത്ഥനകളിൽ നിന്നും ഒരുകാര്യം വ്യക്തമാണ്, അതായത് സക്കരിയ്യനബി (അ) നും ഇബ്രാഹീം നബി (അ) നും ലഭിച്ചതുപോലെ, അസാധാരണ അനുസരണം പുലർത്തിയ, തഖ്‌വയുടെയും, ബൗദ്ധികതയുടെയും ഉന്നതങ്ങളിൽ വിരാചിച്ച പുത്രന്മാരെ പോലെ ഒരു പുത്രനെ, (അവർ അവരുടെ ഭൗതിക പരമ്പരയേയും ആത്മീയപരമ്പരയേയും കാത്തുസൂക്ഷിച്ചവരായിരുന്നു) ലഭിക്കാനായി ആഗ്രഹിച്ചിരുന്നു എന്നത് സത്യമായ വസ്തുതയാണ്. ഇസ്രായീലി സമുദായത്തിലെ വിശ്വാസി സമൂഹത്തിന്റെ എക്കാലത്തേയും വലിയ മുതൽ കൂട്ടുകളായിരുന്നു ആ വരദാന പുത്രന്മാർ. ഇതാണ്, ഈ സന്ദർഭത്തിലാണ് വാഗ്ദത്തമസീഹ് (അ) ഹോഷിയാർപൂരിൽ ഏകാന്തവാസത്തിലും, പ്രാർത്ഥനയിലും മുഴുകാനായി പോയതും അതേതുടർന്ന് അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ അല്ലാഹു (ത) കേൾക്കുകയും സ്വീകരിക്കുകയും ഉത്തരങ്ങൾ നല്കുകയും ചെയ്തത് ഇതോടൊപ്പം തന്നെ, തന്റെ ചുറ്റുമുള്ള ആളുകൾ, തന്റെ സത്യതയിൽ ഉറപ്പ് വരുത്തുവാനും, ഒരു ദൈവീകദൃഷ്ടാന്തത്തിന് അവർ സാക്ഷികളാകുവാനും അദ്ദേഹം ആഗ്രഹിച്ചു. വാഗ്ദത്ത മസീഹ് (അ) ന്റെ ജീവിതകാലത്തു തന്നെ ഇത്തരത്തിലൊരു ദൃഷ്ടാന്തം പ്രകടമാക്കുവാനും, ഈ ദൃഷ്ടാന്തത്തിന് ആളുകൾ സാക്ഷികളാകുവാനും കഴിഞ്ഞു. തന്റെ പ്രാർത്ഥനകൾ സ്വീകരിച്ചുകൊണ്ട് തന്റെ ഏകാന്തവാസകാലത്ത്, അല്ലാഹു അദ്ദേഹത്തോട് ഉറപ്പിച്ചു പറഞ്ഞു. അല്ലാഹു (ത) അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ പൂർത്തീകരിക്കുന്നതാണ്, അദ്ദേഹം ആഗ്രഹിച്ച പ്രകാരം ഒരു പുത്രനെ നല്കുന്നതാണ് ആ പുത്രൻ തനിക്കു തന്നെ ജനിക്കുന്ന മകനായിരിക്കുമെന്നും, അതുപോലെ  അവൻ വലിയൊരു ദൃഷ്ടാന്തവുമായിരിക്കുമെന്നും വാഗ്ദാനം ചെയ്യുകയുണ്ടായി.

**അല്ലാഹു ഖലീഫത്തുല്ലായ്ക്ക് നൽകിയ സ്ഥാനമാനങ്ങൾ**

മസീഹിന്റെ മറ്റുവാക്കുകളിൽ നിന്നും ഉറപ്പായും മനസ്സിലാകുന്ന മറ്റൊരു കാര്യം മുഹമ്മദ് (സ) ന്റെ സമുദായത്തിൽ ഭാവിയിൽ മറ്റു പ്രവാചകന്മാർ / പരിഷ്ക്കർത്താക്കൾ ആഗതരായിക്കൊണ്ടിരിക്കും എന്നതാണ്. മസീഹ്മാരിൽ ആദ്യത്തെ മസീഹായും മഹ്ദിയായും തന്നെ നിയോഗച്ചിരിക്കുന്നതെന്നും മുഴു ലോക മനുഷ്യരെയും പരിഷ്കരിക്കുന്നതിനുവേണ്ടിയാണ് ഈ നിയോഗം ഉണ്ടായിരിക്കുന്നതെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. തന്റെ നിയോഗംപോലെ ലോകത്തെ പരിഷ്ക്കരിക്കുന്നതിനു ഇനിയും ആളുകൾ വന്നുകൊണ്ടിരിക്കും, ഈ ഇസ്‌ലാമിക പരിഷ്ക്കർത്താക്കൾ ഓരോനൂറ്റാണ്ടിലും അവരവരുടെ ഊഴമനുസരിച്ച്, ദൈവീക സ്നേഹത്തിന്റെ ജ്വാല, മനുഷ്യഹൃദയങ്ങളിൽ തെളിക്കുന്നതാണ്. ഉദാഹരണ മായി പറഞ്ഞാൽ ഈ നൂറ്റാണ്ടിൽ അല്ലാഹുവിന്റെ വിനീത സേവകനായി ഈ വിനീതനെ നിയോഗിച്ചതു പോലെ ഈ നിയോഗം ഖാത്തമുന്നബിയ്യീൻ മുഹമ്മദ് (സ) ലും ഖാത്തമുൽ മസീഹ് ആയ ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ന്റെയും അനുയായി ആയതിന്റെ പേരിൽ അല്ലാഹു നല്കിയ അനുഗ്രഹമാണ്. അതെ തീർച്ചയായും അല്ലാഹു എന്നെ മുസ്‌ലിഹ് മൗഊദ് എന്നും മസീഹ് മൗഊദ് എന്നും മുഹ്‌യിദ്ദീൻ എന്നും ഖലീഫത്തുല്ലാഹ് എന്നും നബി എന്നും റസൂൽ എന്നും മുസ്‌ലിഹുദ്ദീൻ എന്നും ഖോജനൂറുദ്ദീൻ എന്നും ഖമറൻ മുനീറ എന്നും അഭിസംബോധന ചെയ്തിട്ടുണ്ട്. ഹസ്രത് മുഹമ്മദ് (സ) ന്റെയും മിർസാ ഗുലാം അഹ്മദ് (അ) ന്റെ യും അനുയായി ആയതിന്റെ പേരിൽ, അവരെ ഇരുവരെയും യഥാവിധി അംഗീ കരിച്ച് അനുസരിച്ചതിന്റെ പേരിൽ, ബഹുമാന്യമായ മറ്റു പല സ്ഥാനങ്ങളും അല്ലാഹു എനിക്ക് കനിഞ്ഞു നല്കിയിട്ടുണ്ട്. ഈ പദവികളൊക്കെ എനിക്ക് നല്കിയിരിക്കുന്നത് അല്ലാഹുവിന്റെ സന്ദേശത്തെ എല്ലാ വരിലേക്കും എത്തിക്കേണ്ട വമ്പിച്ച ഉത്തരവാദിത്വം പരിഗണിച്ചാണ്.

ഇപ്പോൾ ഞാൻ, ഭാവിയിൽ വരുന്ന അല്ലാഹുവിന്റെ പ്രവാചകന്മാർ/മസീഹ്മാരെ കുറിച്ച് പ്രതിപാ ദിക്കുന്നില്ല. ഇപ്പോഴത്തെ വിഷയത്തിലേക്ക് മടങ്ങി വരുകയാണ് വാഗ്ദത്ത മസീഹ് (അ) ആഗ്രഹിച്ചത്, തനിക്ക് ലഭിക്കുന്ന പുത്രൻ മുഹമ്മദ് നബി (സ) യുടെ സമുദായത്തിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ട വാഗ്ദത്ത മസീഹിന്റെ അതായത് ഖാത്തമുൽ മസീഹിയ്യീന്റെ യഥാർത്ഥ പാത പിന്തുടരുന്ന ഒരു പുത്രൻ. ഈ ആഗ്രഹം ഭൗതികമായും ആത്മീയമായും പൂർത്തിയാക്കണം. ഈ ആഗ്രഹം അല്ലാഹു സ്വീകരിക്കു കയും തന്റെ അഭ്യർത്ഥന ഉറപ്പാക്കിക്കൊണ്ട് അല്ലാഹു (ത) അദ്ദേഹത്തിന് സന്തോഷവാർത്ത നല്കുകയും ചെയ്തു.

**പ്രാർത്ഥനാഫലം വ്യക്തമാക്കുന്നു.**

നീ ചെയ്ത കേണപേക്ഷയുടെ ഫലമായി എന്റെ കാരുണ്യത്തിന്റെ ഒരു ദൃഷ്ടാന്തം നിനക്ക് നല്കു കയാണ്. നിന്റെ അർത്ഥന ഞാൻ കേട്ടു. നിന്റെ പ്രാർത്ഥനയെ ഞാൻ വിലമതിക്കുന്നു. എന്റെ കാരുണ്യ ത്താൽ ഞാൻ അത് സ്വീകരിക്കുന്നു. നിന്റെ ഈ യാത്ര ഞാൻ അനുഗ്രഹപ്രദമാക്കിയിരിക്കും. ഒരു ശക്തി പ്രകടനം, ഒരു അനുകമ്പയുടെ പ്രകടനം എന്നിലേക്ക് അടുത്തതിലുള്ള സ്നേഹ പ്രകടനം, ഇതുമൂല മാണ് ഇത് നിനക്ക് നല്കിയത്. ഔദാര്യത്തിന്റെയും അനുഗ്രഹത്തിന്റെയും അടയാളമായിട്ടാണ് ഇത് നാം നല്കുന്നത്. വിജയത്തിന്റെ താക്കോലുകൾ നിനക്ക് നല്കിയിരിക്കുകയാണ്. നിനക്ക് സമാധാനം ഉണ്ടാകട്ടെ. അല്ലേയോ! വിജയിക്കുന്നവനെ! അങ്ങനെ ദൈവം സംസാരിക്കുന്നു. അതിലൂടെ മരണത്തിന്റെ വായിൽ നിന്നും ജീവിതം ആഗ്രഹിക്കുന്നവർ രക്ഷപ്പെടുന്നു. കബ്റുകളിൽ കഴിയുന്നവർ ഉയർത്തെഴു ന്നേറ്റുവരും. അങ്ങനെ ഇസ്‌ലാമിന്റെ മേധാവിത്വവും അല്ലാഹുവിന്റെ വാക്കും ജനങ്ങൾക്ക് വ്യക്തമാകും. അങ്ങനെ സത്യം അതിന്റെ എല്ലാ അനുഗ്രഹങ്ങളോടെയും എത്തിച്ചേരും. അസത്യം എല്ലാനിലയിലും അപ്ര ത്യക്ഷമാകും! അങ്ങനെ ജനങ്ങൾ മനസ്സിലാക്കും, അധികാരത്തിന്റെ അധിപൻ ഞാനാണെന്ന്! ഞാൻ എന്ത് ഉദ്ദേശിക്കുന്നുവോ അത് പ്രവർത്തിക്കുന്നു. അതുകൊണ്ട് ഞാൻ നിന്നോടൊപ്പമാണെന്ന് അവർ വിശ്വസി ക്കും. ദൈവത്തിൽ വിശ്വസിക്കാത്തവർ, അവന്റെ മതത്തെ നിരാകരിക്കുന്നവർ, അവന്റെ ഗ്രന്ഥത്തെ നിര സിക്കുന്നവർ, അവന്റെ പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) നെ നിരാകരിക്കുന്നവർ, അവൻ തെരഞ്ഞ ടുത്തയയ്ക്കുന്നവനെ നിരസിക്കുന്നവർ വ്യക്തമായ ദൃഷ്ടാന്തത്തെ അഭിമുഖീകരിക്കേണ്ടിവരും. അധർമ്മി കളുടെ വഴി അവർക്ക് വ്യക്തമാവും.

**പ്രാർത്ഥനാഫലം തുടരുന്നു.**

**"സന്തോഷിക്കുക സുന്ദരനും പരിശുദ്ധനുമായ ഒരു കുട്ടിയെ നിനക്ക് പ്രദാനം ചെയ്യുന്നതാണ്. നിന്റെ മക്കളിൽപ്പെട്ട ഒരു സുമുഖനായ യുവാവിനെ നീ സ്വീകരിക്കും. സുന്ദരനും പരിശുദ്ധനുമായ ഒരു കുട്ടി നിന്റെ അതിഥിയായി വരുന്നതാണ്. അവന്റെ പേര് ഇമ്മാനുവൽ എന്നും ബഷീർ എന്നുമാകുന്നു. അവൻ എല്ലാവിധ മാലിന്യങ്ങളിൽ നിന്നും മുക്തനും ദൈവീകവചനത്താൽ സമ്പന്നനുമായിരിക്കും. അവൻ അല്ലാഹുവിന്റെ പ്രകാശമാകുന്നു. സ്വർഗ്ഗത്തിൽ നിന്നും ആഗതനായവൻ അനുഗൃഹീതൻ തന്നെ. അനുഗ്രഹം അവനെ പിന്തുടർന്നു കൊണ്ടിരിക്കും. അവനോടൊപ്പം അനുഗ്രഹം ഉണ്ടാകും. മഹത്വത്താലും അവൻ വിശേഷിപ്പിക്കപ്പെടും. അവൻ ഭൂമിയിലേക്ക് വരികയും പരിശുദ്ധ വചനങ്ങളിലൂടെയും, മസീഹിന്റെ ഗുണങ്ങളിലൂടെയും അവരുടെ അസുഖങ്ങൾ സുഖപ്പെടുത്തും. അവൻ അല്ലാഹുവിന്റെ വാക്കാകുന്നു. അല്ലാഹുവിന്റെ കാരുണ്യവും ബഹുമതിയും മഹത്വമുടയവന്റെ വാക്കുകളാൽ അവനെ പൊതിയും. അവൻ അതിബുദ്ധിമാനും ഗ്രഹണശേഷിയുള്ളവനുമായിരിക്കും, ശാന്തഗംഭീരനായിരിക്കും. ഭൗതിക വിജ്ഞാനങ്ങളാലും ആത്മീയ ജ്ഞാനങ്ങളാലും സമ്പന്നനായിരിക്കും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ അർത്ഥം വ്യക്തമല്ല.) ഇത് തിങ്കളാഴ്ച ആകുന്നു. അനുഗ്രഹീതമായ തിങ്കളാഴ്ച! പുത്രൻ! ഹൃദയാനന്ദം പകരുന്നവൻ! ഉന്നതപദവിയിലുള്ളവൻ! മാന്യൻ! ആദ്യത്തേതും അവസാനത്തേതുമായ ഒരു ദൃഷ്ടാന്തം, സത്യവും, മഹോന്നതവുമായ ദൃഷ്ടാന്തം. സ്വർഗ്ഗത്തിൽ നിന്നും അല്ലാഹു ഇറങ്ങിവന്നതുപോലെ! അവന്റെ വരവ് അനുഗ്രഹപ്രദമായിരിക്കും. ദൈവീക മഹത്വത്തിന്റെ ദൃഷ്ടാന്ത ഉറവിടമായിരിക്കും. നോക്കികാണുക. ഒരു പ്രകാശം വരുന്നു. അല്ലാഹുവിനാൽ അഭിഷിക്തം ചെയ്ത ഒരു പ്രകാശം, അവന്റെ സന്തോഷത്തിന്റെ സുഗന്ധം ആ പ്രകാശത്തോടൊപ്പം ഉണ്ടായിരിക്കും. നാം നമ്മുടെ വചനം അവനിൽ ചൊരിയുന്നതാണ്. അവനെ ദൈവത്തിന്റെ തണലിൽ അഭയം നല്കുന്നതായിരിക്കും! അവൻ അതിവേഗത്തിൽ വളർന്നു വലുതാകും. അവൻ അടിമകളെ മോചിപ്പിക്കും! അവന്റെ കീർത്തി ഭൂമിയുടെ അറ്റങ്ങളോളം എത്തുന്നതാണ്! അവനിലൂടെ ജനങ്ങൾ അനുഗ്രഹീതരായിതീരും! സ്വർഗ്ഗത്തിൽ അവനു വളരെ വലിയ ആത്മീയ സ്ഥാനം ലഭിക്കുന്നതാണ്! ഇക്കര്യം വിധിച്ചു കഴിഞ്ഞതാണ്."**

ഞാനിവിടെ ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്നത് വെളിപാടിലെവാക്കുകളെയാണ്. **"സന്തോഷിക്കുക കാരണം, നിനക്ക് നമൊരു സുന്ദരനും സംശുദ്ധനുമായ ഒരു കുട്ടിയെ പ്രദാനം ചെയ്യുന്നതാണ്. നീയൊരുകഴിവുറ്റ യുവാവിനെ നിന്റെ സന്താനങ്ങളിൽ നിന്നുതന്നെ സ്വീകരിക്കും. സുന്ദരനും പരിശുദ്ധനുമായ ഒരു കുട്ടി! നിന്റെ അതിഥിയായിവരും! അവന്റെ പേര് ഇമ്മാനുവൽ എന്നും ബഷീർ എന്നും ആകുന്നു. പരിശുദ്ധാത്മാവിനാൽ അവൻ സമ്പന്നമായിരിക്കും. എല്ലാവിധ മാലിന്യങ്ങളിൽ നിന്നും അവൻ പരിശുദ്ധനായിരിക്കും. അവൻ അല്ലാഹുവിന്റെ പ്രകാശമായിരിക്കും സ്വർഗ്ഗത്തിൽ നിന്നും വരുന്നവൻ അനുഗ്രഹീതൻ തന്നെ. അവനോടൊപ്പം വരുന്ന അനുഗ്രഹം (ഫസ്ൽ) അവനെ പിന്തുടരുന്നതാണ്. മഹത്വത്താലും, ധനത്താലും അവനെ വിശേഷിപ്പിക്കപ്പെടും. അവൻ ലോകത്തുവന്ന് പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താലും, മിസിഹായുടെ ഗുണഗണങ്ങളാലും അനേകരുടെ അസുഖം ഭേദമാക്കും."**

**നമ്മൾ വെറും അതിഥികൾ**

ഈ പുത്രൻ വളരെ നല്ല ആത്മാവിന്റെ ഉടമയായിരിക്കും എന്നത് വ്യക്തമാണ്. പ്രവാചകന്മാരുടെ വിശുദ്ധിയും, വിശ്വാസത്തിന്റെ മധുരിമയും ദൃശ്യമാകും. ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നല്കിയ വിശദീകരണത്തോടൊപ്പം, ഈ സമയത്ത് എനിക്ക് എന്റെ സഹോദരീ സഹോദരന്മാരോട് പറയുവാൻ കഴിയുന്നത് ഏതൊരു പുത്രനെകുറിച്ചാണോ ഇവിടെ പറയുന്നത് ആ പുത്രൻ ജീവശാസ്ത്രപരമായി തനിക്ക് ജനിക്കുന്ന പുത്രനും അതോടൊപ്പം ആത്മീയതയിൽ ഉയർന്ന പുത്രനും ആയിരിക്കും എന്നതാണ്. വസ്തുതകളെ സൂക്ഷ്മ പരിശോധന നടത്തുകയാണെങ്കിൽ നമ്മെല്ലാപേരും ഈ ലോകത്ത് വെറും അതിഥികൾ മാത്രമാണ്. നമ്മുടെ യഥാർത്ഥ വ്യക്തിത്വം നമ്മുടെ ആത്മാവാണ്, അതോ, അത് സർവ്വശക്തനായ അല്ലാഹുമായി ബന്ധിതവുമാണ്. തന്റെ നാലാമത്തെമകൻ മുബാറക് അഹ്മദ് മരണപ്പെട്ടപ്പോൾ വാഗ്ദത്ത മസീഹ് (അ) ഇതിനെ വ്യഖ്യാനിച്ചത് ഈ മരണം വെളിപാടിൽ തന്നെ പറഞ്ഞിട്ടുള്ളതാണ് എന്നാണ്. വെളിപാടു ഭാഗം സുന്ദരനും പരിശുദ്ധനുമായ ഒരു കുട്ടി അവന്റെ അതിഥിയായിവരുന്നതാണ്.

അദ്ദേഹം പറഞ്ഞതിന് എതിരായിട്ടല്ല ഞാൻ പറയുന്നത്, എന്നാൽ ഈ സംഭവങ്ങൾക്ക് മറ്റു ചില വിശദീകരണങ്ങൾ കൂടിഉണ്ട്. ഈ ദൈവീക വെളിപാട് ഒരു മഹത്തായ ദൈവീകദൃഷ്ടാന്തത്തിന്റെ ആഗമനം വിളിച്ചറിയിക്കുന്ന വാർത്തകൂടിയാണ്. അല്ലാഹു തെരഞ്ഞെടുക്കുന്നവന് അല്ലാഹു താൻ തന്നെ നല്കുന്ന വിശദീകരണങ്ങളാണിവ. വാഗ്ദത്ത മസീഹ്(അ) ന് ഒരിക്കൽ നല്കിയ ഈ വെളിപാടിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുക്കുന്നതിന് അല്ലാഹു സ്വീകരിക്കുന്ന നടപടികളാണിവ

.

**വെളിപാടുകളെ ഖലീഫത്തുല്ലാഹ് വിശദീകരിക്കുന്നു.**

ആത്മീയ പുത്രനെ മാറ്റിനിർത്തി, ജീവശാസ്ത്രപരമായി ലഭിച്ച മകനെ പ്രത്യേകമായി എടുത്താൽ, ആത്മീയ പുത്രൻ, പരിഷ്കർത്താവാണ്, മസീഹിന്റെ ഗുണഗണങ്ങളാൽ സമ്പന്നവുമാണ്, അപ്പോൾ നാം വളരെ പ്രധാനപ്പെട്ട ഈ വസ്തുത കൂടി പരിഗണിക്കേണ്ടിവരും. അവനോടൊപ്പം എത്തിച്ചേരുന്ന അനുഗ്രഹം (ഫസ്ൽ) അവനെ പിന്തുടരുന്നതാണ്. ജീവശാസ്ത്രപരമായി ലഭിച്ച പുത്രനെ പ്രത്യേകമായി പരിഗണിച്ചാൽ, (അതായത് ആത്മീയ പുത്രനെ മാറ്റിനിർത്തി ആത്മീയ പുത്രൻ മസീഹിന്റെ ഗുണങ്ങളാൽ സമ്പന്നമാണ്.) നാം പറയേണ്ടിവരും, അതായിത് ഇമ്മാനുവേൽ ബശീർ എന്നത് ജീവശാസ്ത്രപരമായ പുത്രനും ഫസ്ൽ വാഗ്ദത്ത പരിഷ്കർത്താവുമാണ് എന്ന്. കാര്യങ്ങൾ ഇങ്ങനെയാണെങ്കിൽ നാമൊരു നിഗമനത്തിലെത്തിച്ചേരേണ്ടിവരും. അതായത് ഇവർ ഇരുവരും ഇരട്ടകുട്ടികളാണ് എന്ന്. കാരണം വെളിപാടിൽ പറയുന്നത് അവനോടൊപ്പം ഫസ്ൽ വരും. ഫസ്ൽ അവരെ പിന്തുടരുകയും ചെയ്യും. വാഗ്ദത്ത മസീഹ് (അ) ഇരട്ടിക്കുട്ടികളായാണ് ജനിച്ചതെങ്കിലും, അദ്ദേഹം ഇരട്ടക്കുട്ടികളുടെ പിതാവായിട്ടില്ല. ഈ വെളിപാട് അതേരീതിയിൽ പുലരാൻ ഒരു രീതിയിലും ഇക്കാരണത്താൽ സാധ്യമല്ല.

**ദൈവീക അനുഗ്രഹം അദ്ദേഹത്തെ പിന്തുടരും**

അതുകൊണ്ട് ഫസ്ൽ എന്നവാക്കിന് അനുഗ്രഹം എന്നർത്ഥം നല്കിയാൽ അതൊരാളിന്റെ പേരല്ല, മറിച്ച് കുട്ടിയെ വിശേഷിപ്പിക്കുവാനുള്ള, ജീവശാസ്ത്രപരമായി വന്ന പരിശുദ്ധനും സുന്ദരനുമായ ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ അലംകൃതനായവനാണെന്നും, ദൈവീകാനുഗ്രഹത്തിൽ, സത്യത്തിന്റെ ആത്മാവ്, സന്നിവേശിക്കപ്പെട്ടവനാണെന്നും, കാരണം അവന്റെ വരവോടെ, ദൈവീകാനുഗ്രഹം അവനിൽ കുടികൊള്ളുമെന്നും, അത് അദ്ദേഹത്തിന്റെ ജനനം മുതൽ മരണം വരെ പിന്തുടരുന്നതുമാണ് എന്നും മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് എന്തുതന്നെ ആയാലും ഇതിന്റെ അർത്ഥം, ദൈവീക സംരക്ഷണം അദ്ദേഹത്തിന് ലഭിക്കും എന്നു തന്നെയാണ്.

**വാഗ്ദത്ത പുത്രനും വാഗ്ദത്ത പരിഷ്ക്കർത്താവും ഞാൻ തന്നെ**

ഇതേപുത്രനെകുറിച്ചു തന്നെയാണ് അല്ലാഹു പറഞ്ഞത് അവൻ മസീഹിന്റെ ഗുണങ്ങളാൽ സമ്പന്നമായിരിക്കും എന്ന്. അതുകൊണ്ട് അദ്ദേഹവും ഒരു മസീഹ് ആയിരിക്കും. മസീഹിന്റെ ഒരു പ്രതിനിധി മസീഹിന്റെ പ്രതിബിംബം. അദ്ദേഹത്തിന്റെ രൂപത്തിലുള്ള ഒരു ഖലീഫ. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ രണ്ടാം ഖലീഫ ആയ ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1944 ൽ പ്രസ്താവിച്ച ദർശനം ഈ വാദത്തെ ശക്തിപ്പെടുത്തുന്നതാണ്. അല്ലാഹുവിൻ നിന്നും ലഭിച്ച ദർശനത്തെ തുടർന്ന്, അദ്ദേഹം അറിയിച്ചു, ജീവശാസ്ത്രപരമായും , മുസ്ലിഹ് മൗഊദ് ആയും ഹസ്രത് മിർസാഗുലാം അഹ്മദ് (അ) പ്രവചനം ചെയ്ത ആൾ ഞാൻ തന്നെയാണ് എന്ന്. തീർച്ചയായും അദ്ദേഹം ഖലീഫത്തുൽ മസീഹിന്റെ ഖലീഫതത്തെയായിരുന്നു. എന്നാൽ മറ്റുള്ളഖലീഫമാരേക്കാൾ ഉന്നതമായ പദവി അലങ്കരിച്ചിരുന്നു. കാരണം അദ്ദേഹം മിസിഹായുടെ ജലാശയത്തിൽ നിന്നും വന്നവനാണ്. ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന് അല്ലാഹു നല്കിയ വെളിപാടിന്റെ സത്യത അദ്ദേഹം എന്ന വ്യക്തിയിലൂടെ എല്ലാ അർത്ഥത്തിലും പൂർത്തിയായി. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവീക സംരക്ഷണയിലായിരുന്നു. ഒരിക്കലും തെറ്റുപറ്റാത്ത ആളാണ് അദ്ദേഹം എന്നു ഞാൻ പറയുന്നില്ല. വാഗ്ദത്തമസീഹിന്റെ വാഗ്ദത്ത പുത്രൻ അദ്ദേഹം മാത്രമാണ് എന്നും ഞാൻ പറയുന്നില്ല. അല്ലാഹുവിന്റെ സഹായത്തോടെ ഞാൻ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നത് ഇസ്ലാമിലെ ആദ്യത്തെ വാഗ്ദത്ത മസീഹ് പ്രവചനം ചെയ്ത ജീവശാസ്ത്രപരമായി വന്ന പുത്രനും

വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്കർത്താവും അദ്ദേഹം തന്നെ ആയിരുന്നു. എന്നിരുന്നാലും ഭാവിയിൽ വരുന്ന ഇസ്ലാമിലെ മസീഹ് മാർക്ക് ജീവശാസ്ത്രപരമായും ആത്മീയമായുമുള്ള പുത്രന്മാർ ഉണ്ടാകാവുന്നതാണ്.

അല്ലാഹുവിന്റെ തെരഞ്ഞെടുത്ത പ്രതിനിധിയുടെ കാലം കഴിഞ്ഞാലും വെളിപാടുകൾ നിലനിൽക്കുന്നതാണ്. ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ പിതാവിന്റെ (മസീഹിന്റെ) വാഗ്ദത്ത പുത്രനും വാഗ്ദത്ത പരിഷ്കർത്താവും ആയിരുന്നു. എന്നാൽ ഇസ്ലാമിലെ വാഗ്ദാനം ചെയ്യപ്പെട്ട മറ്റു മസീഹ്മാർക്കും, വാഗ്ദത്ത പുത്രന്മാരും, വാഗ്ദത്ത പരിഷ്ക്കർത്താക്കളും ഉണ്ടാകാവുന്നതാണ്. വാഗ്ദത്ത മസീഹായി എനിക്കു ശേഷം വരുന്നവർക്കും ഈ വെളിപാടുകൾ ബാധകമാണ്. ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) താൻ സ്വയം തറപ്പിച്ചു പറഞ്ഞിരിക്കുന്നു, അല്ലാഹുവിന്റെ പേരിൽ ഞാൻ പറയുന്നു, അല്ലാഹുവാണ് അദ്ദേഹത്തോട് പറഞ്ഞത്, അവന്റെ ദാസനായ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നോടു പറഞ്ഞതുപോലെ വാഗ്ദാനം ചെയ്യപ്പെട്ടവർ ഇനിയും വരുന്നതാണ്. ഈ വാഗ്ദാനം ചെയ്യപ്പെട്ട പുത്രന്മാർ (വാഗ്ദത്ത മസീഹിന്റെ) അല്ലാഹു തെരഞ്ഞെടുക്കുന്നതനുസരിച്ച് നിശ്ചിത സമയങ്ങളിൽ ആഗതരാകുന്നതാണ്. അല്ലാഹു മുസ്ലിഹ് മൗഊദ് നെ ഭൂമിയിൽ രണ്ടാമതും അയയ്ക്കുന്നതാണ്. അദ്ദേഹം അസാധാരണമായ ബുദ്ധിവൈഭവങ്ങളാലും ഗുണഗണങ്ങളാലും അലംകൃതനായിരിക്കും.

1944 ജനുവരി 24-ാം തീയതിയിലെ വെള്ളിയാഴ്ച ഖുത്തുബയിൽ അദ്ദേഹത്തിന് ലഭിച്ച ദർശനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ഞാൻ വാഗ്ദാനം ചെയ്യപ്പെട്ട മസീഹാണ്. മസീഹിന്റെ പ്രതിബിംബം എന്ന നിലയിലും ഖലീഫ എന്ന നിലയിലും ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വ്യക്തമാക്കുകയുണ്ടായി.

ഞാൻ ഇതുകൂടി പറയുവാൻ ആഗ്രഹിക്കുന്നു. ദർശനത്തിൽ നിന്നും ഞാൻ ഉണർന്നുകഴിഞ്ഞപ്പോൾ, ഞാൻ ഇതിനെപറ്റി കൂടുതൽ ചിന്തിക്കുവാൻ തുടങ്ങി, ഒടുവിൽ എന്റെ ചിന്തകൾ അറബിഭാഷയിൽ രൂപം കൊള്ളുകയുണ്ടായി. ചിന്തയുടെ ഒടുവിൽ അല്ലാഹു വ്യക്തമായും തീരുമാനിച്ചിരിക്കുന്നു **" പറയുക സത്യം വന്നു. അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നതു തന്നെയാണ്" (17:82)** വാഗ്ദത്ത മസീഹ് (അ) ന്റെ 1886 ഫെബ്രുവരി 20 ലെ പ്രഖ്യാപനം ഇന്നുഞാൻ വായിക്കുമ്പോൾ, അതിൽ എഴുതിയിരിക്കുന്ന അതേവാക്കുകളാണ് ഞാൻ കണ്ടത്. അങ്ങനെ സർവ്വശക്തനായ അല്ലാഹു എനിക്ക് സത്യം വെളിപ്പെടുത്തിതന്നിരിക്കുന്നു. ഒരല്പവും ശങ്കയില്ലാതെ, എനിക്ക് ഉറപ്പിച്ചുപറയുവാൻ കഴിയും സർവ്വശക്തനായ അല്ലാഹുവിന്റെ പ്രവചനം പൂർത്തിയായിരിക്കുന്നു എന്ന്.

മരിച്ചവരെ ജീവിപ്പിക്കുന്നതിനേക്കാൾ അത്ഭുതകരമായ മഹത്തായ ദൈവീകദൃഷ്ടാന്തം കാണിക്കുവാൻ അല്ലാഹുവിന് കഴിയുമെന്ന് ഞാൻ നിങ്ങളോട് പറയുകയാണ്. ഇസ്ലാമിലെ ഒന്നാമത്തെ മസീഹ് പ്രസ്താവിച്ചതുപോലെ (1886 മാർച്ച് 22 ന് നടത്തിയ പ്രസ്താവന) ഈ അത്ഭുതം! ലോകം അതിനു സാക്ഷ്യം വഹിക്കും. അതിൽ ഒരു സംശയവുമില്ല. ഞാൻ ഇപ്പോൾ പറഞ്ഞത് സത്യമാണെന്ന്, പിന്നീട് ലോകത്തിന് ബോധ്യമാകും. എത്രയും വേഗം ആ മഹത്തായ ദൈവീകദൃഷ്ടാന്തം അല്ലാഹു പ്രകടമാക്കട്ടെ ആമീൻ.

**മുബാഹല വിഷയത്തിലേക്ക്**

മുബാഹല വിഷയത്തിലേക്ക് ഞാൻ മടങ്ങിവരികയാണ് ജമാഅത്ത് അഹ്മദിയ്യ ഇസ്ലാഹ് പസന്ത് ലീഡർ അബ്ദുൽ ഗഫ്ഫാർ ജർബാഹ് സാഹിബ് ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ന്റെ പേരിൽ ഉന്നയിച്ച ആരോപണങ്ങൾക്കെതിരിൽ അല്ലാഹു (ത) യുടെ വിനീത സേവകനും, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായുമായ, ഞാനുമായി നടത്തിയ മുബാഹലയുടെ ഫലം എന്തായി എന്നറിയുവാൻ ലോകം കാത്തിരിക്കുകയാണ്.

അബ്ദുൾ ഗഫ്ഫാർ ജൻബാഗ് സാഹിബും മുസ്ലിഹ് മൗഊദ് (റ) ന് എതിരിലുള്ള മറ്റാളുകളും വ്യവസ്ഥാപിതമായനിലയിൽ ലോകമെങ്ങും സംഘിടിത ശ്രമം നടത്തി എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുവാൻ ശ്രമിക്കുകയുണ്ടായി. ഹസ്രത് മസീഹ് മൗഊദ് (അ) പ്രവചനം ചെയ്ത പ്രവചനം ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (അ) ൽ മുസ്ലിഹ് മൗഊദ് എന്നനിലയിൽ പുലർന്നിട്ടില്ലെന്നും, അത് അബ്ദുൽഗഫ്ഫാർ ജൻബാഹ്സാഹിബിലൂടെയാണ് പുലരുന്ന

തെന്നും വാദിക്കുകയുണ്ടായി. ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) കള്ള മുസ്‌ലിഹ് മൗഊദാണെന്നും ആക്ഷേപിക്കുകയുണ്ടായി. മറ്റുള്ളവർ അവരുടെ മൂഢത്വം നിമിത്തം അദ്ദേഹത്തെ പരിസ്ത്രീ ഗമനം നടത്തിയ ആളാണെന്നും അതുപോലെ മറ്റു പല ആക്ഷേപങ്ങളും ചാർത്തുന്നുണ്ട്. ചരിത്രം ഈ നൂറ്റാണ്ടിലും ആവർത്തിക്കുകയാണ്. മൻസൂർ അഹ്മദ് സാഹിബ്, അബ്ദുൽ ഗഫ്ഫാർ സാഹിബിന്റെ അനുയായി അതുപോലെ നാസിർ അഹ്മദ് സുൽത്താനി സാഹിബ് ലാഹോരിപാർട്ടിയിലെ അംഗങ്ങൾ, അബ്ദുൽ ഗഫ്ഫാർ സാഹിബിനെ പിൻതാങ്ങുന്ന മറ്റാളുകളും ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ വാദങ്ങളെ നിഷേധിക്കുകയും, ദൈവത്തിന്റെ പേരിൽ കള്ളം പറയുകയാണെന്നും വഞ്ചകനാണെന്നും ആരോപിക്കുന്നു, തെറ്റായ സംഹിതകളെയാണ് അദ്ദേഹം പ്രബോധിച്ചത് എന്നും അവർ വാദിക്കുന്നു. മുസ്‌ലിഹ് മൗഊദ് (റ) ന്റെ മേൽ കള്ളം കെട്ടിച്ചമച്ചുപറയുവാൻ അവർ അല്പവും മടികാണിക്കുന്നില്ല. അദ്ദേഹത്തിന്നെതിരിൽ വഞ്ചനാപരമായ സംഘടിതശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ കാര്യങ്ങളൊക്കെ പണ്ടേനടന്നുകഴിഞ്ഞതാണ്. ഈ സംഘടിതശ്രമമൊക്കെ നടന്നു കഴിഞ്ഞതാണ്. അതിനി മടങ്ങിവരേണ്ടകാര്യമില്ല. ഈ എല്ലാ കള്ളങ്ങളെയും നേരിടുകതന്നെ. ഈ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ, അപകീർത്തിപ്പെടുത്തുന്നവർ അപകീർത്തിപ്പെടുത്തട്ടെ എന്ന് പറഞ്ഞു എനിക്ക് പിന്തിരിഞ്ഞിരിക്കുവാൻ സാധിക്കുകയില്ല. പ്രത്യേകിച്ച് മുസ്‌ലിഹ് മൗഊദ് (റ) ന്റെ അസാന്നിദ്ധ്യത്തിൽ, പ്രതിരോധിക്കുവാൻ അദ്ദേഹത്തിന് ഇനികഴിയില്ലല്ലോ, ആയതിനാൽ മുസ്‌ലിഹ് മൗഊദ് എന്ന നിലയിൽ അദ്ദേഹത്തിനു വേണ്ടി പ്രതിരോധ നിര ഉയർത്തേണ്ടതും ഈ തെറ്റായ പ്രചാരണത്തിന് തടയിടുകയും ചെയ്യേണ്ടത് എന്റെ ബാധ്യതയാണ്. ഞാനും എന്റെ ജമാഅത്തായ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമും, വിശഷ്യാ എന്റെ അനുയായി ആയ ഹസ്രത് മുകർറം ഫസിൽ ജമാൽ സാഹിബും കാര്യങ്ങൾ നല്ലനിലയിൽ അവരെ ബോധ്യപ്പെടുത്തുവാൻ പരമാവധി ശ്രമിക്കുകയുണ്ടായി. എന്നാൽ അവരുടെ നേരെയുള്ള തങ്ങളുടെ ശ്രമങ്ങൾ ഫലം കണ്ടില്ല. മറ്റുള്ളവരേയും അതായത് മുസ്‌ലിഹ് മൗഊദ് (റ) നെ എതിർക്കുന്നവരെയും ഈ കാര്യങ്ങൾ ബോധ്യപ്പെടുത്തുവാൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചു. ഞങ്ങൾ അവർക്ക് ഈ സംഘടിത ശ്രമത്തിന്റെ അനന്തര ഫലങ്ങളെകുറിച്ച് വ്യക്തമായ മുന്നറിയിപ്പ് നല്കകയുമുണ്ടായി. അല്ലാഹുവിനെയും അല്ലാഹുതെരഞ്ഞെടുത്തവരേയും നേരിട്ടോ മറഞ്ഞോ എതിർക്കുന്നവർ അല്ലാഹുവിന്റെ ക്രോധത്തെ ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നതെന്ന് അവർക്കെല്ലാം മുന്നറിയിപ്പ് നല്കുകയും ചെയ്തു. ദിവസവും സംഭവിച്ചു കൊണ്ടിരിക്കുന്ന ദൗർഭാഗ്യങ്ങൾ അല്ലാഹുവിന്റെ കോപത്തിന്റെ പ്രകടനമാണ് എന്ന് ഉപദേശിക്കുകയും ചെയ്തു.

ഈ കാര്യങ്ങളെ ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നതിന് പകരം അവർ കൂടുതൽ ആക്രമണോത്സുകരാവുയാണുണ്ടായത്. ഓരോദിവസം കഴിയുന്തോറും അവരുടെ ആക്രമണത്തിന്റെ മുന കൂട്ടുകയാണ് ചെയ്തത്. ഇമാഅത്തുസ്സഹീഹിൽ ഇസ്‌ലാം ഇന്റർ നാഷണലിന്, ഈ കള്ളങ്ങളെ ഇതിൽ കൂടുതൽ സഹിക്കുവാൻ കഴിയില്ല . ആശങ്കയോടെയും, ചിന്തയോടെയും, പ്രാർത്ഥനയോടെയും എന്റെ ജമാഅത്തിന്റെ ആത്മീയ നേതാവ്എന്ന നിലയിൽ അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിനെയും അദ്ദേഹത്തിന്റെ ജമാഅത്തിനെയും പ്രത്യേകിച്ച് അദ്ദേഹത്തിന്റെ അനുയായി മൻസൂർ അഹ്മദ് സാഹിബിനെയും (അദ്ദേഹമാണ് ഈ സംഘടിത പ്രവർത്തനത്തെ നയിച്ചത്) ആത്മീയ പ്രാർത്ഥനാ സമരത്തിൽ എന്നെയും എന്റെ ജമാഅത്തിനെയും നേരിടുവാൻ ആവശ്യപ്പെടുകയുണ്ടായി. മുബാഹലാ പ്രാർത്ഥന, ഈ കേസ് അല്ലാഹുവിന്റെ കോടതിയിൽ സമർപ്പിക്കുക. അവന്റെ ദൃഷ്ടിയിൽ ഇതിൽ ആരാണോ കുറ്റക്കാർ അവരെ മാതൃകായോഗ്യമായ നിലയിൽ ശിക്ഷിക്കുക. മുസ്‌ലിഹ് മൗഊദ് (റ) നെ അവർ തെറ്റായി മനസ്സിലാക്കിയിരിക്കുന്നു. അല്ലാഹു (ത) തീരുമാനിക്കുന്നതനുസരിച്ച് അവർക്കു ശരിയും തെറ്റും വേർതിരിച്ചറിയവാനുള്ള അവസരം ലഭിക്കുവാനായി ഞാൻ പ്രാർത്ഥിക്കുന്നു.

അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബിനും അദ്ദേഹത്തിന്റെ അനുയായി മൻസൂർ അഹ്മദ് സാഹിബിനും, എതിരിൽ രണ്ടുവർഷം മുമ്പ് പുറപ്പെടുവിച്ച മുബാഹലാ പ്രാർത്ഥനയുടെ ഫലമെന്തായി എന്ന് അത്ഭുതത്തോടെ വീക്ഷിക്കുന്നവർ ധാരാളം മുണ്ടെന്നറിയാം. ഇപ്പോൾ എനിക്ക് നിങ്ങളോട് പറയുവാൻ കഴിയുന്നത് **നിങ്ങളാഗ്രഹിക്കുന്ന വേഗത്തിൽ കാര്യങ്ങൾ നടത്തുവാൻ എന്റെ അധികാരത്തിൽപ്പെട്ട കാര്യമല്ല ഇത്.**

**രഹസ്യതാക്കോൽ അല്ലാഹുവിന്റെ കയ്യിൽ**

അല്ലാഹുവിന്റെ കൈകളിൽ മാത്രമാണ് ഇതിന്റെ തീരുമാനം കുടികൊള്ളുന്നത്. എന്റെ അധികാരത്തിലായിരുന്നുവെങ്കിൽ, തീരുമാനം പെട്ടെന്നുതന്നെ എത്തുമായിരുന്നു. നിശ്ചയമായും എല്ലാ രഹസ്യങ്ങളുടെയും താക്കോൽ അവന്റെ കൈകളിൽ മാത്രമാണ്. അല്ലാഹുവല്ലാതെ മറ്റാരും അതറിയുന്നില്ല.

**ലോകം സാക്ഷ്യം വഹിക്കുകതന്നെ ചെയ്യും**

ഈ പ്രഭാഷണം അവസാനിപ്പിക്കുന്നതിന് മുമ്പ്, ലോകത്തിന്റെ മുമ്പിൽ, മുബാഹല സംബന്ധിച്ച് ചില വസ്തുതകൾകൂടി ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മുബാഹല സംബന്ധിച്ച് എല്ലാ നിബന്ധനകളും മറുപക്ഷം സ്വീകരിച്ചിട്ടില്ല. അവർ സ്വീകരിക്കാതിരുന്ന പോയിന്റുകൾ 2012 ഫെബ്രുവരി 20-ാം തീയതി ഒപ്പുവെച്ച മുബാഹല പത്രത്തിൽ എടുത്തു പറഞ്ഞിട്ടുള്ളതാകുന്നു. എന്നാൽ എന്തുതന്നെ ആയാലും, തീരുമാനം അല്ലാഹുവിൽ മാത്രം നിക്ഷിപ്തമായ കാര്യമാണ്. **അല്ലാഹു തെരഞ്ഞെടുത്ത് മഹത്വപ്പെടുത്തിയ നിയമനത്തിന്റെ സത്യത്തിന് ലോകം സാക്ഷ്യം വഹിക്കുകതന്നെ ചെയ്യുന്നതാണ്.** സത്യാന്വേഷികളുടെ ഹൃദയങ്ങളെ അല്ലാഹു തുറന്ന് അല്ലാഹുവിന്റെ ദൂതനെ സ്വീകരിക്കുവാനും, അംഗീകരിക്കുവാനും, അർത്ഥശങ്കയ്ക്കിടമില്ലാതെ, അവസരം ഒരുക്കുന്നതാണ്. ഇൻശാ അല്ലാഹ്. 2012 ഫെബ്രുവരി 20 ന് ലോകത്തിന്റെ മുമ്പിൽ മുബാഹല പ്രഖ്യാപനം ഔദ്യോഗികമായി നിലവിൽവന്നു. ഒരു സെക്കന്റ് മാത്രമെ അവശേഷിക്കുന്നുള്ള വെങ്കിലും അവൻ തെരഞ്ഞെടുത്ത അവന്റെ ഖലീഫയുടെ സത്യത അവൻ വെളിപ്പെടുത്തുക തന്നെ ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ്.

**അല്ലാഹുവിൽ നിന്നും ഉറപ്പായ വാഗ്ദാനം ലഭിച്ചിട്ടുണ്ട്.**

മുബാഹലാ സംബന്ധമായി അല്ലാഹു, എനിക്ക്, ഈ വിനീതനു തികച്ചും ഉറപ്പായ വാഗ്ദാനം നല്കിയിട്ടുണ്ട്. എന്നെ സൃഷ്ടിച്ചവനിൻ ഞാനെന്റെ വിശ്വാസം അർപ്പിക്കുന്നു. ഇതിന്റെ വിധിപറയുവാൻ ഒരു മനുഷ്യന്റെയും കോടതിയിൽ ഇത് സമർപ്പിച്ചിട്ടില്ല. **"തങ്ങൾക്കു വന്നുകിട്ടിയ ഒരു പ്രമാണവും കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ കുതർക്കം ചെയ്യുന്നവരാണവർ. അല്ലാഹുവിന്റെയും വിശ്വസിച്ചവരുടെയും അടുക്കൽ വളരെ കോപകരമാണത്. ഇപ്രകാരം അഹങ്കാരിയും തന്നിഷ്ടക്കാരനുമായ ഏതൊരുത്തന്റെയും ഹൃദയത്തിൻ മേൽ അല്ലാഹു മുദ്ര വെയ്ക്കുന്നതാണ്" 40:36**

സത്യവാനും സത്യവും വിജയിക്കുകതന്നെ ചെയ്യും. ഇൻശാ അല്ലാഹ് അതുകൊണ്ട് കാത്തിരിക്കുക. ഞങ്ങളും നിങ്ങളോടൊപ്പം കാത്തിരിക്കുകയാണ്.

**ഇത് സംഭവിക്കുന്നതിൽ നിന്നും നിങ്ങൾക്കിതിനെ തടഞ്ഞു നിർത്തുവാൻ കഴിയുകയില്ല.**

പ്രഭാഷണം ശ്രവിച്ചതിന് നന്ദി. യഥാർത്ഥ സത്യാന്വേഷികൾക്ക് വീണ്ടും വീണ്ടും സത്യം കാണുവാനുള്ള മാർഗ്ഗദർശനം നല്കട്ടെ. ഇൻശാ അല്ലാഹ്. ആമീൻ.

Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*